**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1460** **04-07-2022 - ൽ മറുപടിയ്ക്ക്**

**താലൂക്ക് പുനഃസംഘടന സംബന്ധിച്ച റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തല സംഘത്തെ നിയോഗിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ള ഡോ.കൗശിഗൻ ഐ.എ.എസ്-നു പകരം നിലവിലെ ജോയിന്റ് കമ്മീഷണറായ ശ്രീ.ജേറോമിക് ജോർജ് ഐ.എ.എസ്.ന്റെ നേതൃത്വത്തിൽ പ്രസ്തുത ടീം പ്രവർത്തിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സംഘം പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഇല്ല. പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച സംഘം റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ളിക്ക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-695 033)*

**(ഹാജർ: എ.റ്റി. ജെയിംസ് .ഐ.എ.എസ്)**

---

**എൽ.ആർ.എം(1)-** 7925/2018 **തീയതി:** 13/03/18

---

വിഷയം: താലൂക്ക് പുനസംഘടന:- പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ടീമിനെ നിയോഗിക്കുന്നത്- സംബന്ധിച്ച്.

സൂചന: ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ 15/02/18 ലെ 39/N/M(Rev)/17-ാം നം. കുറിപ്പ്.

താലൂക്ക് പുനസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി സമയബന്ധിതമായി സമർപ്പിക്കുന്നതിന് ഒരു ടീമിനെ നിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ പരാമർശ പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിലെ ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥരെ പ്രസ്തുത പ്രവൃത്തിയ്ക്കായി നിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു. പഠന റിപ്പോർട്ട് 15/04/18 നകം സമർപ്പിക്കുന്നതനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.എൻ.പത്മകുമാർ ഐ.എ.എസ് - ജോയിന്റ് കമ്മീഷണർ
2.ബി.ഹരീന്ദ്രനാഥൻ നായർ - അസി.കമ്മീഷണർ(എസ്.സി)
3.ജേക്കബ് സഞ്ജയ് ജോൺ - സീനിയർ സൂപ്രണ്ട് (റ്റി സെക്ഷൻ)
4.ശ്രീ.വി.റ്റി.ഘോലി - ജൂനിയർ സൂപ്രണ്ട് (റ്റി സെക്ഷൻ)

ഒപ്പ്/
***കമ്മീഷണർ***

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
പകർപ്പ്:- എല്ലാ യൂണിറ്റ് ഓഫീസർമാർക്കും

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്